# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 327** **28/01/2019-ൽ മറുപടിയ്ക്ക്**

## കുട്ടികളെ ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. എ.എം. ആരിഫ്**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളെ ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിനും സുതാര്യമാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എ) കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം 2017-ൽ പുറപ്പെടുവിച്ച അഡോപ്ഷൻ റഗുലേഷൻ പ്രകാരമാണ് സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നത്. ദത്തെടുക്കൽ മേഖല ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിലുള്ള സ്റ്റേക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി അഡോപ്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥാപന സംരക്ഷണം (Institutional Care) അവസാനത്തെ അഭയകേന്ദ്രമായതിനാൽ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത ശിശുസംരക്ഷണ സ്ഥാപനങ്ങളിലുള്ള അനാഥരും, ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടവരുമായ കുട്ടികളെ SAA-CCI LINKAGE വഴി ദത്തെടുക്കലിലേയ്ക്ക് കൊണ്ടുവരുന്നതിന് ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ നടപടി സ്വീകരിച്ചുവരുന്നു. നിയമപരമല്ലാത്ത ദത്തെടുക്കൽ തടയുന്നതിന് പൊതുജനങ്ങൾക്കും ആശുപത്രി അധികൃതർക്കും വിവിധ സ്ഥാപന മേധാവികൾക്കും വേണ്ട അവബോധം നൽകിവരുന്നു. ദത്തെടുത്ത മാതാപിതാക്കളുടെയും കുട്ടികളുടേയും ഏകോപനം ഉറപ്പുവരുത്തുന്നതിന് ജില്ലാ തലത്തിൽ കുടുംബ സംഗമവും, ദത്തെടുക്കപ്പെട്ട കുട്ടികളുടെ അവസ്ഥയെ സംബന്ധിച്ചുള്ള പഠനവും നടത്തിവരുന്നു

(ബി) സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തിവരുന്നതും സർക്കാർ നിയന്ത്രണത്തിൽ നടത്തുന്നതുമായ ശിശുഭവനുകൾ ഏതെല്ലാമെന്നും അവിടങ്ങളിൽ എത്ര കുട്ടികൾ താമസിക്കുന്നുണ്ടെന്നും വെളിപ്പെടുത്താമോ ;

(ബി) 15 ചിൽഡ്രൻസ് ഹോമുകൾ ഉൾപ്പെടെ 27 ശിശു സംരക്ഷണ സ്ഥാപനങ്ങളാണ് സർക്കാർ നേരിട്ട് നടത്തിവരുന്നത്. സന്നദ്ധ സംഘടനകളുടെ 790 ശിശുഭവനുകൾ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലായി 25,834 കുട്ടികൾ താമസിക്കുന്നുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത കാലയളവിനുള്ളിൽ എത്ര കുട്ടികളെ ദത്തു നൽകിയിട്ടുണ്ടെന്നും എത്ര പേർ കുട്ടികളെ ദത്തെടുക്കുന്നതിനായി അപേക്ഷ നൽകി കാത്തിരിക്കുന്നുവെന്നും അറിയിക്കാമോ ; | (സി) 408 കുട്ടികളെയാണ് ഈ കാലയളവിനുള്ളിൽ ദത്ത് നൽകിയത്. 1168 അപേക്ഷകരാണ് സംസ്ഥാനത്ത് ദത്തെടുക്കുന്നതിനായി കാത്തിരിക്കുന്നത്. |
| (ഡി) സാമ്പത്തികശേഷിയും ആരോഗ്യവുമുള്ള ദമ്പതിമാർക്ക് നിലവിൽ കുട്ടികൾ ഉണ്ടെങ്കിലും ഒരു കുട്ടിയെ ദത്തെടുക്കുന്നതിന് സാധ്യമാണോ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ? | (ഡി) കുട്ടികളുള്ള ദമ്പതിമാർക്കും 2017-ലെ അഡോപ്ഷൻ റഗുലേഷൻ പ്രകാരം ദത്തെടുക്കാവുന്നതാണ്. ദത്തെടുക്കാൻ താൽപര്യമുള്ളവർക്ക് കേന്ദ്ര ഗവൺമെന്റിന്റെ വെബ് പോർട്ടലായ www.cara.nic.in എന്ന വെബ്സൈറ്റിൽ ഓൺ ലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം ആവശ്യമായ രേഖകൾ സൈറ്റിലേയ്ക്ക് അപ് ലോഡ് ചെയ്യേണ്ടതാണ് ഹോം സ്റ്റഡി നടത്തുന്നതിന് അംഗീകൃത ദത്തെടുക്കൽ സ്ഥാപനത്തിലെ സോഷ്യൽ വർക്കറെയോ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ സോഷ്യൽ വർക്കറെയോ സമീപിക്കാവുന്നതാണ്. ഹോം സ്റ്റഡി റിപ്പോർട്ട് സൈറ്റിലേയ്ക്ക് അപ് ലോഡ് ചെയ്ത ശേഷം അപേക്ഷകരുടെ മുൻഗണനയനുസരിച്ച് 3 കുട്ടികളുടെ വരെ ഫോട്ടോയും ചൈൽഡ് സ്റ്റഡി റിപ്പോർട്ട്, മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ട് മുതലായവ കാണാവുന്നതാണ്. കുട്ടിയെ ഇഷ്ടപ്പെട്ടുകഴിഞ്ഞാൽ ഇരുപതു ദിവസത്തിനകം കുട്ടി നിൽക്കുന്ന സ്ഥാപനത്തിലെ അഡോപ്ഷൻ കമ്മിറ്റിയുടെ മുൻപിൽ ഹാജരായി പ്രീ അഡോപ്ഷൻ ഫോസ്റ്റർ കെയർ എഗ്രിമെന്റിൽ ഒപ്പു വച്ച് കുട്ടിയെ അപേക്ഷകരുടെ ഭവനത്തിൽ കൊണ്ടു പോകാവുന്നതാണ്. രണ്ട് മാസത്തിനകം നിയമ നടപടി പൂർത്തിയായി കോടതി ഉത്തരവ് അപേക്ഷകർക്ക് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ